# MALAYALAM TO HOLLYWOOD

## ഇച്ഛാശക്തിയും നിശ്ചയദാർഢ്യവുമുണ്ടെങ്കിൽ ഹോളിവുഡ് വരെയെത്താമെന്ന് തെളിയിക്കുകയാണ് ബിജു വിശ്വനാഥിന്റെ സിനിമാജീവിതം







**ടി.എസ്. പ്രതീഷ്**
ഫോട്ടോ : **വി.പി. പ്രവീൺകുമാർ**

'മലയാളസിനിമയുടെ മധുസാറി'ന്റെ ആക്ഷൻ കട്ട് കേട്ട് ബാലതാരമായി സിനിമാലോകത്ത് ഹരിശ്രീ കുറിച്ച ഒരുപയ്യൻ, ഇന്നിപ്പോൾ ഹോളിവുഡ് സംവിധായകനും ലോകം അറിയുന്ന ഗോൾഡൻ പാം പുരസ്കാരജേതാവുമാണ്– തിരുവനന്തപുരത്തുകാരനായ ബിജുവിശ്വനാഥ്. മലയാളം, ഇംഗ്ലീഷ്, ഇറ്റാലിയൻ, ഐറിഷ്, ജാപ്പനീസ് ,ഉറുദു സിനിമകളിലൂടെ നിരവധി അന്താരാഷ്ട്രാ പുരസ്കാരങ്ങൾ സ്വന്തമാക്കിയ സംവിധായകനും ഛായാഗ്രാഹകനുമായ ഈ കലാകാരൻ ഒരിടവേളയ്ക്കു ശേഷം വിജയ് സേതുപതിയെ നായകനാക്കി തമിഴകത്ത് ഒരുക്കിയ ഓറഞ്ച് മിഠായിയും വിദേശ ചലച്ചിത്രമേളയിലേക്ക് തിരഞ്ഞെടുത്തു കഴിഞ്ഞു. ഏഷ്യയിലെ വലിയ ഫെസ്റ്റിവലുകളിലൊന്നായ സൗത്ത് കൊറിയയിലെ ബുസാൻ ഫിലിംഫെസ്റ്റിവലിൽ വിൻഡോ ഓൺ ഏഷ്യൻ സിനിമ വിഭാഗത്തിലേക്ക്. കേരളത്തിൽ നിന്ന് ഹോളിവുഡ് വരെ എത്തി നിൽക്കുന്ന ബിജു വിശ്വനാഥിന്റെ ജീവിതം സിനിമയിലെത്താൻ ആഗ്രഹിക്കുന്നവർക്ക് പ്രചോദനമാകുന്ന ഒന്നാണ്. ചെന്നൈയിൽ ഓറഞ്ച് മിഠായിയ്ക്കു ശേഷം പുതിയ തമിഴ് ചിത്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളിലിരിക്കുന്നതിനിടെ ബിജു വിശ്വനാഥ് തന്റെ സിനിമാക്കാര്യങ്ങളിലേക്ക് ...

"ഇറ്റാലിയൻ സിനിമ ചെയ്യാനിരിക്കുമ്പോഴാണ് ഓറഞ്ച് മിഠായിയുടെ ഓഫർ വന്നത്. ഒരു അവധിക്കാലത്ത് ചെന്നൈയിൽ വന്നപ്പോൾ എന്റെ സുഹൃത്തു കൂടിയായ വിജയ് സേതുപതിയോട് ഓറഞ്ച് മിഠായിയുടെ ത്രെഡ് പറഞ്ഞിരുന്നു. നമുക്ക് ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിലും വിജയ് ഉടനെ ആ പ്രോജക്ടിലേക്ക് എത്തുമെന്ന് കരുതിയിരുന്നില്ല. അപ്പോൾ എനിക്ക് നാട്ടിൽ വരേണ്ട ആവശ്യവുമുണ്ടായിരുന്നു. അങ്ങനെയാണ് ഓറഞ്ച് മിഠായി രൂപപ്പെടുന്നത്. എന്റെ ജീവിതത്തിലെ എല്ലാ വഴിത്തിരിവുകളും യാദൃച്ഛികമായി സംഭവിച്ചതാണ്."

മട്ടന്നൂർ എൻ.എസ്.എസ് കോളേജിൽ ഇംഗ്ലീഷ് അധ്യാപകനായി ജീവിതം തുടങ്ങിയെങ്കിലും സിനിമയാണ് തന്റെ മേഖലയെന്ന് ബിജുവിന് ഉത്തമബോധ്യമുണ്ടായതിനാൽ സിനിമ തിരഞ്ഞെടുക്കുകയായിരുന്നു. ജഗതി ശ്രീകുമാറിനെ കേന്ദ്രകഥാപാത്രമാക്കി പീറ്റർസ്കോട്ട് എന്ന ചിത്രം, എം.ടിയുടെ കഥകളെ ആസ്പദമാക്കി ഷോർട്ട്ഫിലിം എന്നിവ ചെയ്തതിനു ശേഷമാണ് വിദേശസിനിമകളിലേക്ക് ബിജുവെന്ന കലാകാരൻ കടന്നെത്തുന്നത്.

"ഹോളിവുഡിൽ പോയി സിനിമ ചെയ്യണമെന്ന് ഒരു ഐഡിയയുമുണ്ടായിരുന്നില്ല. ഞാൻ ഒരുക്കുന്ന സിനിമകൾ കേരളത്തിലെ ജനങ്ങൾ മാത്രമല്ല, ഇന്റർനാഷണൽ ഓഡിയൻസ് കാണണമെന്ന് മാത്രമാണ് ആഗ്രഹിച്ചത്. എന്റെ ആദ്യസിനിമയുടെ ക്യാമറ ചെയ്തത് സഞ്ജീവാണ്. അതിനു മുമ്പ് ആഡ് ഫിലിമുകളും ഒരുക്കിയിരുന്നു. എം.ടി.സാറിന്റെ കഥയിൽ ഷോർട്ട് ഫിലിം ഒരുക്കിയതു മുതലാണ് സംവിധാനത്തിനൊപ്പം ഛായാഗ്രഹണവും ചെയ്തത് . 'സംവിധായകനായതിനു ശേഷം ക്യാമറാമാൻ കൂടിയായത് താങ്കൾ മാത്രമേയുള്ളൂ'വെന്ന് വിജയ് തമാശയായി പറയാറുണ്ട്." ബിജു ചിരിക്കുന്നു.

തിരക്കഥാകൃത്ത്, സംവിധായകൻ, ഛായാഗ്രാഹകൻ, നിർമാതാവ് എന്നിവയ്ക്കു പുറമേ എഡിറ്റർ എന്ന പുതിയ

## Awards

**സ്പെഷൽ അവാർഡ്**
സ്കെപ്റ്റോ ഫിലിം ഫെസ്റ്റിവൽ കാഗ്ലിയറി (ഇറ്റലി)
**മികച്ച പരിസ്ഥിതി ചിത്രം**
ഫെനാക്കോ ഫെസ്റ്റിവൽ (പെറു)
**പ്രത്യേക പരാമർശം**
ഫിലിംബൈന്റെ ഫിലിം ഫെസ്റ്റിവൽ
**സിഗ്നിസ് അവാർഡ്**
മികച്ച ഷോർട്ട് ഫിലിം (സാൻസിബാർ ഫിലിം ഫെസ്റ്റിവൽ)
**ഗോൾഡൻ പാം പുരസ്കാരം**
മെക്സിക്കോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ
**ബെസ്റ്റ് ഇന്റർ നാഷണൽ ഷോർട്ട് ഫിലിം**
ന്യൂയോർക്ക് ഫിലിം ഫെസ്റ്റിവൽ )
**ബെസ്റ്റ് സിനിമാട്ടോഗ്രഫി,മികച്ച തിരക്കഥ**
ന്യൂയോർക്ക് ഇൻഡിപെൻഡൻഡ് ഫിലിം ഫെസ്റ്റിവൽ
**എക്സലെൻസ് ഇൻ ഫിലിം മേക്കിങ്**
ആൻഥം ഫിലിം ഫെസ്റ്റിവൽ ലാസ് വേഗാസ്
**ബെസ്റ്റ് ഷോർട്ട് ഫിലിം**
പാട്രാസ് ഫിലിം ഫെസ്റ്റിവൽ ലാസ് വേഗാസ്
**ഹോണറബിൾ മെൻഷൻ**
സാൻസിബാർ ഫിലിം ഫെസ്റ്റിവൽ



![S&S] **Face to Face**

മുഖവും ഇപ്പോൾ ബിജു വിശ്വനാഥിനുണ്ട്. ഓറഞ്ച് മിഠായിയുടെ തിരക്കഥാകൃത്ത്, സംവിധായകൻ, ഛായാഗ്രാഹകൻ എന്നിവയ്ക്കു പുറമെ ഓറഞ്ച് മിഠായിയുടെ എഡിറ്റിങ്ങും നിർവഹിച്ചത് അദ്ദേഹമാണ്.


“ഞാൻ മുമ്പ് ചെയ്ത സിനിമകളുടെ എഡിറ്റർ ശ്രീകർപ്രസാദായിരുന്നു. വിദേശത്ത് സിനിമകൾ ചെയ്യാൻ തുടങ്ങിയതോടെ അവിടുത്തെ ഫണ്ടുകൾ ലഭിക്കണമെങ്കിൽ സിനിമയുടെ ഏതെങ്കിലും ഭാഗം പത്ത് മിനുട്ട് ഷൂട്ട് ചെയ്ത് കാണിക്കാൻ പറയും. അപ്പോൾ ഫണ്ടിനു വേണ്ടി റഫ് കട്ട് ചെയ്ത് ഭാഗങ്ങൾ അയയ്ക്കേണ്ടി വന്നു. എഡിറ്റിങ് സ്ക്രിപ്റ്റിൽ തന്നെ നടക്കുമ്പോൾ വലിയ പ്രശ്നമുണ്ടാകില്ല. ഒന്നു രണ്ടു സിനിമകളുടെ ചില ഭാഗങ്ങൾ എഡിറ്റ് ചെയ്ത് അയച്ചപ്പോൾ നല്ല അഭിപ്രായമാണ് ലഭിച്ചത്. യഥാർഥത്തിൽ മൂന്നു മണിക്കൂർ സിനിമ രണ്ടരമണിക്കൂറാക്കാൻ എഡിറ്ററുടെ ആവശ്യമില്ല. നമ്മൾ എവിടെയാണ് കുറയ്ക്കേണ്ടതെന്ന് പറഞ്ഞു കൊടുക്കുന്നത് കട്ട് ചെയ്ത് തരാൻ മാത്രം ഒരു എഡിറ്റർ വേണ്ട.

വിദേശത്ത് സ്വന്തമായി നിർമാണവും സംവിധാനവും ഛായാഗ്രഹണവും എഡിറ്റിങ്ങും നടത്തിയ അനുഭവപരിചയവുമായിട്ടാണ് ബിജു തമിഴിൽ ആദ്യമായി ഒരു ചിത്രം സംവിധാനം ചെയ്യാൻ എത്തിയത്.

“ വിദേശത്ത് സിനിമകൾ ചെയ്യാൻ തുടങ്ങിയതോടെയാണ് അവിടെയൊരു നിർമാണക്കമ്പനി എന്ന ആശയം വന്നത്. ഫ്ളോറൻസിൽ എനിക്കും സുഹൃത്തുക്കൾക്കും സോൾ സിനിമ ഇന്റർനാഷണൽ എന്ന സിനിമാനിർമാണക്കമ്പനിയുണ്ട്. വിദേശത്തെ നിർമാണക്കമ്പനികൾ ഇന്ത്യൻ സിനിമയ്ക്ക് ഫണ്ട് ചെയ്യില്ല. അവരുടെ പൈസ അവിടത്തന്നെ നില്ക്കണം. അതാണ് അവരുടെ നയം.

അവിടുത്തെ ടെക്നീഷ്യൻമാരുടെകൂടെ എക്സ്പെൻസീവായ ഒരു ക്യാമറാമാനെ വെയ്ക്കാൻ പറ്റില്ല. കാരണം ഇറ്റലിയിൽ ഇന്ത്യയിലെ എൻ. എഫ്. ഡി. സി. പോലെയുള്ള സ്ഥാപനമുണ്ട്. അവരുടെ നിയന്ത്രണത്തിലാണ് സിനിമയുടെ പ്രൊഡക്ഷൻ കാര്യങ്ങൾ. വലിയൊരു അവാർഡ് സിനിമ വന്നാലും അവർ എക്സ്പെൻസീവായ ഒരു ക്യാമറാമാനെ വെക്കില്ല. അതിൽ അവിടുത്തെ ആക്ടേഴ്സും ടെക്നീഷ്യൻസും ചേർന്ന കോ-പ്രൊഡക്ഷനാണ് ഉദ്ദേശ്യം.”

## റിലയൻസ്പോലുള്ള കോർപ്പറേറ്റുകൾ ഇന്ത്യയിൽ പണമിറക്കിയതിനേക്കാൾ കൂടുതൽ ഹോളിവുഡിൽ പണമിറക്കിയിട്ടുണ്ട്



ബിജുവിശ്വനാഥ്










1. ലോർഗ്
2. റെയിൻ
3. ഷാഡോ ട്രീ
4. നെയിൽ

ബിജുവിശ്വനാഥ് ഇറ്റാലിയൻ സിനിമകൾ ചെയ്ത് കുറച്ച് പൈസയുണ്ടാക്കിയതിനു ശേഷം തമിഴകത്ത് സ്വന്തമായി ബാനർ തുടങ്ങി സിനിമ ചെയ്യാനിരിക്കുകയായിരുന്നു. അപ്പോഴേക്കും വിജയ് സേതുപതി ഒരു പ്രൊഡക്ഷൻ കമ്പനി സ്റ്റാർട്ട് ചെയ്തു. മറ്റൊരു സിനിമയ്ക്കായിരുന്നുവെങ്കിലും സിനിമ നിന്നു പോയപ്പോൾ ഓറഞ്ച് മിഠായി ആ പ്രൊഡക്ഷൻ കമ്പനിയുടെ ആദ്യചിത്രമാവുകയായിരുന്നു. ആ സിനിമയിലൂടെ വിജയ് സേതുപതി സംഭാഷണമെഴുത്തുകാരനുമായി.

“ഓറഞ്ച് മിഠായിയുടെ ഒർജിനൽ സ്ക്രിപ്റ്റ് ഇംഗ്ലീഷിലായിരുന്നു എഴുതിയത്. വർക്ഷോപ്പ് നടത്തിയപ്പോൾ ഓരോ സീൻ പെർഫോം ചെയ്യുമ്പോൾ അത് ഇത്ര വേണ്ട, എന്നെല്ലാം ചർച്ച ചെയ്ത് തമിഴിൽ എഴുതിയെടുത്തതാണ്. എന്തായാലും ഇന്ത്യയിൽ നമുക്ക് പരിചയമുള്ള ആളുകൾക്കൊപ്പമാണ് വർക്ക് ചെയ്യുന്നത്. അങ്ങനെയൊരു ധൈര്യത്തിൽ തമിഴ് സിനിമ ചെയ്തതാണ്. വിജയ് അവതരിപ്പിച്ച കഥാപാത്രം എന്റെ അച്ഛന്റെ ക്യാരക്ടറാണ് . വിജയ്യുടെ അച്ഛനും അതേ പോലെയുള്ള ക്യാരക്ടറായിരുന്നു. ഓറഞ്ച് മിഠായിലെ കൈലാസം ആരുമായിട്ടും അഡ്ജസ്റ്റ് ചെയ്യാതെ സ്വന്തമായി ജീവിക്കുന്ന, മഹാഅഹങ്കാരിയും ആരെയും വകവെക്കാത്ത ആളുമാണ്. എണീറ്റു നടക്കാൻ തന്നെ പ്രയാസമാണ്. എന്നാലും അഹങ്കാരത്തിന് ഒരു കുറവുമില്ല. ബ്ലാക് ഹ്യൂമറായി ചിത്രം ചെയ്യാം. ഒപ്പം വിജയ് സേതുപതിയുടെ സിനിമയിൽ കാണുന്ന ചില കാര്യങ്ങളും ഉൾപ്പെടുത്താമെന്ന് വിചാരിച്ചാണ് ഓറഞ്ച് മിഠായിയുടെ സംവിധായകനായത്.”

ഗോൾഡൻ പാം പുരസ്കാരം ലഭിച്ചതിനു ശേഷം ബിജു വിശ്വനാഥ് സംവിധാനം ചെയ്ത സിനിമയായിരുന്നു ഓറഞ്ച് മിഠായി. കറുത്ത ഹാസ്യത്തിൽ പറയുന്ന കഥയിൽ അച്ഛൻ -മകൻ ബന്ധത്തിലെ കോൺഫ്ളിക്ട് പ്രധാനമായും വരുന്നു.

“എല്ലാ അച്ഛൻമാർക്കും ആൺ മക്കളോട് പല തരത്തിലായിരിക്കും കോൺഫ്ളിക്ട്. ഓറഞ്ച് മിഠായി സ്പൂഫ് രീതിയിൽ അവതരിപ്പിച്ചതാണ്. വൃദ്ധൻമാർ നടക്കുന്നതു പോലും വളരെ ശ്രദ്ധിച്ചായിരിക്കണമെന്നാണ് ഡോക്ടർമാർ പറയുന്നത്. അപ്പോഴാണ് ഓറഞ്ച് മിഠായിലെ വൃദ്ധൻ ഡാൻസ് ചെയ്യുന്നത്. ശരിക്കുമൊരുതരം സൂയിസൈഡൽ അറ്റംപ്റ്റ് തന്നെയാണ്. അത് വേറെയൊരു രീതിയിൽ അവതരിപ്പിക്കുകയായിരുന്നു”

വിദേശ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ബിജുവിശ്വനാഥിന് ഹോളിവുഡിന്റെ പുത്തൻ ട്രെൻഡിനെക്കുറിച്ച് പറയാനും ഏറെയുണ്ട്.

“കുറച്ചു കാലമായി ഹോളിവുഡിൽ സ്പൈഡർമാൻ ത്രീ ,ഫോർ പോലുള്ള സീക്വൻസ് സിനിമകൾ മാത്രമേ ചെയ്യുന്നുള്ളൂ. അല്ലെങ്കിൽ ഡിസാസ്ട്രർ സിനിമകൾ. ഹോളിവുഡ് സിനിമകൾ ഹോളിവുഡിൽ കലക്ട് ചെയ്യുന്നതിനേക്കാൾ മറ്റു സ്ഥലങ്ങളിലാണ് കൂടുതൽ കലക്ട് ചെയ്യുന്നതെന്ന് ഒരു റിപ്പോർട്ടുണ്ടായിരുന്നു . ചൈനയിൽ സിനിമകൾ റിലീസ് ചെയ്യുന്നതിന്റെ എണ്ണം വെച്ച് നോക്കുമ്പോൾ അമേരിക്കയൊന്നുമല്ല. അത്രയും വലിയ മാർക്കറ്റാണ് ചൈന . ന്യൂയോർക്ക്, സാൻഫ്രാൻസിസ്കോ, ലോസ് ആഞ്ജൽസ് എന്നിവിടങ്ങളിൽ റിലീസ് കേന്ദ്രങ്ങൾ ഉണ്ട്. ഇടയിൽ കുറച്ചു ഭാഗങ്ങളിൽ ഒന്നുമില്ല. വല്ലയിടത്തും ഒന്നോ രണ്ടോ മൾട്ടിപ്ലെക്സ് സിനിമാതിയേറ്റർ ഉണ്ടാകും. സൺ ടൈം ഫിലിം ഫെസ്റ്റിവൽ നടക്കുന്ന സ്ഥലത്തെ ഒരു മൾട്ടിപ്ലെക്സിൽ പോയപ്പോൾ മൂന്നു പേർ മാത്രമാണ് ഷോയ്ക്കെത്തിയത്. അവിടെ പ്രൊജക്ടർ ഓപ്പറേറ്ററില്ല. കറക്ടായി ആളുകൾ വന്നാൽ പ്രൊജക്ടർ ഓണാകും. ഇന്റർവെലില്ല. നമുക്ക് ഹോം തിയേറ്ററിൽ കാണുന്നത് പോലെ കാണാം. അപൂർവമായിട്ട് മാത്രമാണ് ഫുൾ ഓഡിയൻസുണ്ടാകുക. അതിനിടയിൽ ഒരറ്റം ഈസ്റ്റ് കോസ്റ്റും ന്യൂയോർക്കും ഇങ്ങേയറ്റം വെസ്റ്റ് കോസ്റ്റും ലോസ് ആഞ്ജലിസും. അവിടെ പഴയ ബ്ലോക്ബസ്റ്റർ സിനിമകളായ സ്പൈഡർമാൻ, ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് എന്നിവയെ പോലുള്ള സിനിമകളുണ്ട്. അവിടെ അത് നമ്മുടെ ലിംഗയൊക്കെ റിലീസ് ചെയ്തതുപോലെ വലിയ റിലീസായിരുന്നു.”

അമേരിക്കയിൽ സാമ്പത്തികമാന്ദ്യം വന്നപ്പോൾ അത് സിനിമാമേഖലയേയും കാര്യമായി ബാധിച്ചിട്ടുണ്ട്. പക്ഷേ, ഗൾഫ് ഫണ്ട് ഉപയോഗിച്ച് സിനിമാനിർമാണങ്ങൾ നടക്കുന്നുണ്ടെന്ന് ബിജു.

“ അമേരിക്കയിലേക്ക് ദുബായിൽ നിന്നൊക്കെയാണ് ഫണ്ട് എത്തുന്നത്. റിലയൻസ് പോലുള്ള കോർപ്പറേറ്റുകൾ ഇന്ത്യയിൽ പണമിറക്കിയതിനേക്കാൾ കൂടുതൽ ഹോളിവുഡിൽ പണമിറക്കിയിട്ടുണ്ട്. ഗൾഫ്, സൗദി അറേബ്യ,ദോഹ, ദുബായ് ഫിലിംഫെസ്റ്റിവലൊക്കെ കണക്ട് ചെയ്തിട്ട് ഒരു പാട് സിനിമകൾ ഇന്ത്യൻ കോ-പ്രൊഡക്ഷനായി ചെയ്തിട്ടുണ്ട്. നമ്മുടെ ലിങ്കണിലൊക്കെ റിലയൻസിന്റെ പൈസയുണ്ട്. കാരണം അവിടുത്തെ പ്രൊഡക്ഷൻ കമ്പനികൾ എത്ര റിസ്ക് കുറയ്ക്കാമോ, അതാണ് നോക്കുന്നത്.”

“യൂറോപ്പിലാണ് കുറച്ചു കൂടി സെൻസിബിളായ ശക്തമായ ലോകസിനിമകൾ വരുന്നത്. ഹോളിവുഡിലൊന്നും സാധ്യത കൊടുക്കാതെ , ഈ ഹോളിവുഡ് സിനിമകളൊക്കെ ജർമ്മനിയിൽ ഡബ്ബ് ചെയ്തിറക്കുകയാണ്. പോളണ്ടിൽ ഒത്തിരി നല്ല സിനിമകൾ ഉണ്ടാകുന്നുണ്ട്. അവിടെ ഫെസ്റ്റിവലിനു പോയപ്പോൾ ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് പോളിഷ് ലാംഗ്വേജിലാണ് പ്രദർശിപ്പിക്കുന്നത്. ഏത് വലിയ സിനിമകളായാലും അവിടുത്തെ ഡിസ്ട്രിബ്യൂട്ടറുമായി ബന്ധപ്പെട്ട് അവിടെ ഡബ്ബ് ചെയ്തിറക്കും. ഫ്രഞ്ച്കാർക്ക് ഇംഗ്ലീഷെന്നു പറഞ്ഞാൽ വലിയ പ്രശ്നമാണ്. ഫ്രഞ്ചിലാണ് അവിടെ സിനിമയെടുക്കു



ക. ജർമ്മനിയിൽ ഞാൻ കണ്ട സ്ഥലത്തെല്ലാം ഹോളിവുഡ് സിനിമകൾ മൊഴിമാറ്റിയാണെത്തുന്നത്. അപ്പോൾ ആ തിയേറ്ററിൽ മറ്റു സിനിമകൾക്കുള്ള സ്ഥാനം വളരെ കുറയും. എങ്കിലും ചില സ്ഥലങ്ങളിലൊക്കെ ഫണ്ട് സ്വീകരിച്ച് പ്രൊഡക്ഷൻ നടക്കുന്നു.''

''സിനിമാനിർമാണത്തിനുള്ള കാലതാമസം സാധാരണ പോലെയുണ്ടാകുമെങ്കിലും കൃത്യമായ പ്ലാനിങ്ങിലാണ് ഷൂട്ടിങ്ങും അനുബന്ധകാര്യങ്ങളും ഹോളിവുഡിൽ നടക്കുക. ഇപ്പോൾ ഹോളിവുഡിൽ മേജർ പ്രൊഡക്ഷന് ബജറ്റ് കൊടുക്കുമ്പോൾ പ്രിൻസിപ്പൽ ഷൂട്ട് 60–70 ദിവസങ്ങൾക്കുള്ളിൽ തീർന്നിരിക്കണമെന്നാണ്. സീജി, ആനിമേഷൻ വർക്കുകളുണ്ടെങ്കിൽ പോസ്റ്റ് പ്രൊഡക്ഷന് ചിലപ്പോൾ ഒരു വർഷം എടുത്തേക്കാം. ഇപ്പോഴും പ്രീപ്രൊഡക്ഷന് അവർ ഒത്തിരി സമയമെടുക്കും. ഇന്ത്യയിൽ ഒരു സിനിമയുടെ പ്രീപ്രൊഡക്ഷന് മാക്സിമം മൂന്ന് മാസമായിരിക്കും കിട്ടുന്നത്. നായകൻ ഡേറ്റ് തരുന്നുവെന്ന് പറഞ്ഞാൽ പിന്നെ മാക്സിമം രണ്ടോ മൂന്നോ ദിവസമേ കാണുകയുള്ളൂ. അവിടെ പ്രീപ്രൊഡക്ഷന് എട്ടു മുതൽ പന്ത്രണ്ട് മാസം വരെ സമയം ചോദിക്കാം.'', ഹോളിവുഡിലെ പ്രൊഡക്ഷൻ പ്ലാനിങ്ങിനെക്കുറിച്ച് ബിജു പറയുന്നു.

തിരക്കഥയുടെ കാര്യത്തിൽ ഏറ്റവും നന്നായി ശ്രദ്ധിക്കുന്നവരാണ് വിദേശസിനിമകളുടെ അണിയറപ്രവർത്തകർ. എന്നാൽ എല്ലാവർക്കും അവിടെ സ്ക്രിപ്റ്റ് എഴുത്തുകാരനാകാനും കഴിയില്ല. അതിന് ചില മാനദണ്ഡങ്ങളുണ്ട്.

''സ്ക്രിപ്റ്റ് ഡോക്ടർമാർ എല്ലായിടത്തുമില്ല. ന്യൂലൈൻ സിനിമ, വാർണർ ബ്രദേഴ്സ് എന്നിങ്ങനെയുള്ള വലിയ കമ്പനികളിലൊക്കെ ഒരു സ്ക്രിപ്റ്റ് സബ്മിറ്റ് ചെയ്ത് ഓക്കെയാക്കി കഴിഞ്ഞാൽ അവിടുത്തെ യൂണിയൻ റൂൾ അനുസരിച്ച് അവിടുത്തെ സ്ക്രിപ്റ്റ്റൈറ്ററെ വെച്ച് തന്നെ എഴുതണം.

റോബർട്ട് ഡിന്യേറോയ്ക്ക് ഞാൻ മുമ്പൊരു കഥ കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ മാനേജരാണ് ആദ്യം വായിച്ചത്. ആ ലൈൻ ഓക്കെയാണ്. പക്ഷേ, അത് ഡെവലപ്പ് ചെയ്യേണ്ടത് റൈറ്റേഴ്സ് യൂണിയനിലെ മെമ്പർമാരായിരിക്കും. അവിടെ എനിക്ക് യൂണിയൻ മെമ്പറാകാൻ പറ്റില്ല. കാരണം അഞ്ചാറ് സിനിമകൾ വലിയ താരങ്ങളെ വെച്ച് ചെയ്യണം. അല്ലെങ്കിൽ സ്റ്റോറിയ്ക്ക് മാത്രം നമ്മുടെ പേര് വെയ്ക്കും. സ്ക്രിപ്റ്റും ചിലപ്പോൾ നമ്മൾ എഴുതിയത് തന്നെയായിരിക്കും.''


ഹോളിവുഡിലെ ഷൂട്ടിങ് രീതികളും വളരെ കൗതുകം നിറഞ്ഞതാണ്. സിനിമയിൽ സംവിധായകന് ഛായാഗ്രഹണവും നിർവഹിക്കാം . പക്ഷേ, യൂണിയനിൽ അംഗത്വമുള്ളവർക്ക് മാത്രമേ സിനിമയിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

''ഞാൻ ന്യൂയോർക്കിൽ ഷൂട്ട് ചെയ്യുമ്പോൾ ഡയറക്ടർ ഓഫ് ഫോട്ടോഗ്രാഫിയും ഓപ്പറേറ്റിങ് ക്യാമറാമാനുമുണ്ട്. ഡയറക്ടർ ഓഫ് ഫോട്ടോഗ്രഫി ക്യാമറ ഓപ്പറേറ്റ് ചെയ്യാറില്ല. വേണമെങ്കിൽ ചെയ്യാം. അത് ഓരോരുത്തരുടെ ഇഷ്ടം. പക്ഷേ, ഒരു ഓപ്പറേറ്റിങ് ക്യാമറാമാൻ സെറ്റിൽ ഉണ്ടാകും. സ്റ്റഡി ക്യാമാണെങ്കിലും സ്റ്റഡിക്യാം ഓപ്പറേറ്റർമാരാണ് ഓപ്പറേറ്റ് ചെയ്യുക.

ലൊക്കേഷനിൽ ഓപ്പറേറ്റിങ് ക്യാമറാമാൻ എന്നൊരാൾ എന്തായാലും യൂണിയനിൽ നിന്ന് വരും. ഷൂട്ടിങ്ങിന് അയാളെ ഉപയോഗിക്കുന്നുവോയെന്നതൊന്നും പ്രശ്നമില്ല. അദ്ദേഹത്തിന് ബാറ്റ കൊടുക്കണം. രണ്ടു തരം സിനിമകളുണ്ട്. യൂണിയൻ ഫിലിംസും നോൺ യൂണിയൻ ഫിലിംസുമുണ്ട്. നോൺയൂണിയൻ എന്നാൽ ലോ ബജറ്റ് സിനിമകൾ ആയിരിക്കും.

ഇന്ത്യയിലുള്ളതു പോലുള്ള ടെക്നീഷ്യൻമാരല്ല അവർ. പ്രത്യേകിച്ചും ദക്ഷിണേന്ത്യയിലെ ടെക്നീഷ്യൻമാർ ഏത് സാഹചര്യത്തിലും ഷൂട്ട് ചെയ്യും. വിദേശത്തുള്ളവർക്ക് അത് ആലോചിക്കാനേ പറ്റുകയില്ല. അവർക്ക് ബുക്കിൽ പറഞ്ഞു വെച്ചതു പോലെയല്ലാതെ ചിന്തിക്കാൻ കഴിയില്ല. വളരെ പ്ലാനിങ്ങായിരിക്കും. നാളത്തെ ഷൂട്ടിങ് ഇൻഡോറാണെങ്കിൽ ഇൻഡോറിൽ ഇന്ന് ഒരാൾ പോയി ലൈറ്റ് ചെയ്തിരിക്കും. നമ്മൾ ആവശ്യപ്പെടുന്ന റീഡിങ്ങിൽ ക്ലിയറായി ലൈറ്റ് ചെയ്തിരിക്കും. പിറ്റേന്ന് അവിടെ ചെന്നിട്ട് ഇവിടെ വേണ്ട എന്നു പറഞ്ഞാൽ അവന്റെ കാര്യം കംപ്ലീറ്റ് പോകും. പിന്നെ എന്തു ചെയ്യുമെന്ന് ചോദിക്കും. നമ്മൾക്കാണെങ്കിൽ എവിടെ വേണമെങ്കിലും പൊളിച്ചു വച്ചു തരാനുള്ള മിടുക്കൻമാർ എത്ര വേണമെങ്കിലും ഉണ്ട്. സൗത്ത് ഇന്ത്യയിലുള്ളതു പോലുള്ള നല്ല ലൈറ്റ് ബോയ്സുമാർ ഒരിടത്തുമില്ല.''

ഓറഞ്ച് മിഠായിയുടെ ഷൂട്ടിങ് സമയത്ത് എന്റെയൊരു ബെൽജിയംകാരൻ സുഹൃത്ത് വന്നിരുന്നു. ഫിലിംമേക്കറും അവിടത്തെ ഒരു ടിവിയുടെ ആർട്ട് വിങ്ങിന്റെ എച്ച്. ആറിൽ വർക്ക് ചെയ്യുന്ന ആളുമായ അദ്ദേഹം ഇന്ത്യൻ സിനിമയെക്കുറിച്ച് പുസ്തകം എഴുതിക്കൊണ്ടിരിക്കുകയാണ്. അതിനാൽ ഞാൻ അശുതോഷിനെ പരിചയപ്പെടുത്തി കൊടുത്തു. അദ്ദേഹം അശുതോഷിന്റെ സെറ്റിൽ പോയതിനു ശേഷമാണ് എന്റെ അടുത്തു വരുന്നത്. നമ്മുടെ ക്രൂ വളരെ ചെറുതാണ്. 40 പേരെയുള്ളൂ. അവിടെ അശുതോഷിന്റെ സെറ്റ് വലിയ സെറ്റാണ്. ഇതെന്താണ് ഇവിടെ ഇങ്ങനെ എന്ന് അത്ഭുതത്തോടെ ചോദിച്ചപ്പോൾ ആ കഥയ്ക്ക് അത്രയും ബജറ്റുണ്ടെന്ന് പറഞ്ഞു. എങ്ങനെയാണ് നിങ്ങൾക്ക് ഇത്രയും സമയം കൊണ്ട് ചെയ്യാൻ കഴിയുന്നതെന്നായിരുന്നു അയാളുടെ ചോദ്യം,



# ഓപ്പറേറ്റിങ്ക്യാമറാമാനെ ഷൂട്ടിങ്ങിന് ഉപയോഗിക്കുന്നുവോയെന്നതൊന്നും പ്രശ്നമില്ല






*ബിജു വിശ്വനാഥ്*
*വിജയ് സേതുപതിയോടൊപ്പം*

# 'ഓറഞ്ച്മിഠായി'ലെ വിജയുടെ കഥാപാത്രത്തിൽ അച്ഛന്റെ സ്വഭാവങ്ങളുണ്ടായിരുന്നു

സിനിമാനിർമാണത്തിന് എല്ലായിടത്തും അതിന്റേതായ രീതിയിലുള്ള കാര്യങ്ങളുണ്ട്. അടിസ്ഥാനപരമായി നിയമങ്ങൾ എല്ലാം ഏതാണ്ട് ഒരു പോലെയാണെന്നാണ് ബിജുവിന്റെ സാക്ഷ്യം.

'' സിനിമ ചെയ്യാൻ എല്ലായിടത്തും പ്രൊഡ്യൂസർ വേണം. ഇറ്റലിയിലാണെങ്കിൽ അവിടുത്തെ ഒരു പ്രൊഡ്യൂസർ വേണം. കാരണം ഇവിടെ സെൻസറിങ്ങിനും പനോരമയ്ക്കും അയയ്ക്കുന്ന ആൾക്ക് ഇന്ത്യൻ പാസ്പോർട്ടുള്ള ആളായിരിക്കണം എന്നു പറയുന്നതു പോലെ. നമ്മൾ ഇവിടെ ഒരു പ്രൊഡ്യൂസറെ അന്വേഷിക്കുന്നതു പോലെ ശ്രമകരം തന്നെയാണ് അവിടെയും. അമേരിക്കയിലും ഇറ്റലിയിലും ഇന്ത്യയിലുമാണ് ഞാൻ കൂടുതൽ സിനിമകൾ ചെയ്തത്. ഈ മൂന്നു സ്ഥലങ്ങളിലും നിയമങ്ങൾ എല്ലാം ഒരു പോലെയാണ്. പണമുള്ളവനാണ് പ്രൊഡ്യൂസർ. ഇപ്പോൾ കൗൺസിൽ അംഗത്വമുള്ളവർ സിനിമയെടുക്കാൻ വരുന്നതു തന്നെയാണ് നല്ലത്. കാരണം ഒന്നും അറിയാത്തവർ വരുന്നതിനേക്കാൾ സിനിമയുമായി ബന്ധമുള്ള ആൾ വരും. അവിടെയും ഒന്ന് രണ്ട് സിനിമകൾ പ്രൊഡ്യൂസ് ചെയ്തവർക്കാണ് ഫണ്ട് നൽകുന്നത്. ആരും സ്വന്തം കൈയിൽ നിന്ന് പൈസയെടുത്ത് ചെയ്യാറില്ല. ഇവിടെ ഫിനാൻസ് വാങ്ങിക്കുകയാണെങ്കിൽ അവിടെ ഗവൺമെന്റിന്റെയോ, അല്ലെങ്കിൽ വേറെ ആരുടെയെങ്കിലും ഫണ്ട് വാങ്ങിക്കും. വാർണർ ബ്രദേഴ്സൊക്കെ ചെയ്യുമ്പോൾ അവർക്ക് ചില കാര്യങ്ങളുണ്ട് . ലൈൻ പ്രൊഡ്യൂസർമാരായി സിനിമ ചെയ്യുന്നവരാണ് അവിടെ കൂടുതൽ. രണ്ടിടത്തും സിനിമ ചെയ്യുന്നതിന് അതിന്റേതായ പ്രശ്നങ്ങൾ ഉണ്ട്. ഒരിടത്തും എളുപ്പമാണെന്ന് പറയാൻ പറ്റില്ല.

ബാലതാരമായി സിനിമയിൽ വന്നെങ്കിലും പിന്നീട് അഭിനയത്തിൽ എന്തായിരുന്നു ശ്രദ്ധിക്കാതിരുന്നതെന്ന് ചോദിച്ചപ്പോൾ മറുപടി ഇങ്ങനെ:

''ക്യാമറയ്ക്കു മുന്നിൽ നില്ക്കുമ്പോൾ ഞാൻ എന്തു കൊണ്ടോ അൺകംഫർട്ടാകുന്നു. 'കുട്ടിക്കാലത്ത് ധീരസമീരേ' യമുനാതീരേ ചെയ്തത് അച്ഛൻ (ചേരി വിശ്വനാഥ്) അതിന്റെ സ്ക്രിപ്റ്റ് റൈറ്ററായിരുന്നതിനാലാണ്. ഉമാസ്റ്റുഡിയോയിലെ ആദ്യത്തെ സിനിമയാണത്. ഞാനന്ന് രണ്ടാംക്ലാസിലായിരുന്നുവെന്നാണ് ഓർമ. സുനിതാപ്രൊഡക്ഷൻസിന്റെ ബാനറിൽ അരോമമണിയുടെ ആദ്യ ചിത്രമായിരുന്നു. മധു സാർ സംവിധാനം ചെയ്ത ചിത്രത്തിൽ സാറിന് ഡബിൾ റോളായിരുന്നു. അതിനകത്ത് വിധുബാല അഭിനയിച്ചിട്ടുണ്ട്.

ധീരസമീരേ യമുനാതീരേയുടെ എം.ജി കോളേജിലെ സെറ്റിൽനിന്ന് മോഹൻലാലിന് മധുസാറിൽ നിന്ന് വഴക്ക് കിട്ടിയിട്ടുണ്ട്. മധുസാർ പിള്ളേരെ പഠിപ്പിക്കുന്ന സീനിൽ ലാലിനും സുഹൃത്തുക്കൾക്കും സിനിമയോട് താത്പര്യമുള്ളതിനാൽ അവിടെ കയറിയിരുന്നു. കൂട്ടത്തിലുള്ള ആരോ ഒരാൾ വികൃതി കാണിച്ചപ്പോൾ ലാലിനും കൂട്ടുകാർക്കും മധുസാറിൽ നിന്ന് വഴക്ക് കേൾക്കുകയായിരുന്നുവത്രെ. ഈ കഥ ലാൽ തന്നെയാണ് പറഞ്ഞത്.

ഒരിക്കൽ രഞ്ജിത്തിന്റെ സിനിമയുടെ ലൊക്കേഷനിൽ ജോൺപോൾ അങ്കിളിനൊപ്പം ഞാൻ പോയപ്പോൾ നടുവിന് പ്രശ്നമായിട്ട് രഞ്ജിത്ത് കമഴ്ന്ന് കിടന്ന് എഴുതുന്നു. അപ്പോഴാണ് ലാൽ അവിടേക്ക് കയറിവരുന്നത്. എന്നെ ജോൺപോൾ അങ്കിൾ ലാലിനെ പരിചയപ്പെടുത്തി. അങ്ങനെ സംസാരിക്കുന്നതിനിടയിലാണ് ലാൽ ഈ കഥ പറഞ്ഞത്. അമ്മ (എസ്. രാധാമണി അമ്മ) എം.ജി.കോളേജിൽ നിന്ന് ലാലിനെ പഠിപ്പിച്ചിട്ടുണ്ട്. അമ്മയും ലാലിന്റെ അമ്മയും സുഹൃത്തുക്കളായിരുന്നു. അമ്മയുടെ സുഖവിവരങ്ങളെല്ലാം ലാൽ അന്ന് അന്വേഷിച്ചിരുന്നു. ജീവിതത്തിൽ ഇത്തരം കുറേ നല്ല മുഹൂർത്തങ്ങളുണ്ടായിട്ടുണ്ട്. ഈ സ്മരണകളെല്ലാം മുന്നോട്ടുള്ള ജീവിതത്തിൽ വലിയ കരുത്താണ്.'', ബിജുവിശ്വനാഥ് സംസാരം നിർത്തി പല ഓർമകളിലേക്ക് മടങ്ങി. S&S